# കർത്താവാകുന്ന പരിച

## ഉൽപ്പത്തി 15:2

**"അബ്രാമേ ഭയപ്പെടേണ്ടാ, ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു."**

മനുഷ്യരായി പിറന്ന എല്ലാവരും ആഗ്രഹിക്കുന്ന ഒരു കാര്യമാണ് സുരക്ഷിതത്വവും സമാധാനമായി മുന്നോട്ടുപോകുന്ന ഒരു ജീവിതവും. അതിനായി അഹോരാത്രം പണിയെടുക്കുന്നവരാണ് നാം. അതിന് ഒരു തടസ്സം നേരിടുമ്പോൾ ജീവിതത്തിന്റെ താളം തെറ്റുന്നു. എന്നാൽ അബ്രാമിന് യഹോവയിൽ നിന്ന് ലഭിച്ച അരുളപ്പാടിലൂടെ നാം കാണുന്നത് ഒരു വലിയ പ്രത്യാശ നിറഞ്ഞ സത്യമാണ്, കർത്താവ് നമ്മുടെ പരിചയാണ്. എന്താണ് പരിചയുടെ പ്രത്യേകത? അത് ധരിച്ചിരിക്കുന്ന വ്യക്തിയെ സുരക്ഷിതനായി കാക്കുന്നു. അങ്ങനെയെങ്കിൽ സർവ്വശക്തനായ കർത്താവ് പരിചയായി നിൽക്കുന്ന ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ഭയത്തിന് സ്ഥാനം ഉണ്ടോ? ദൈവത്തെ തകർക്കുവാൻ ആർക്കും സാധ്യമല്ല. എങ്കിൽ കർത്താവിനെ പരിചയാക്കിയ ദൈവപൈതലിനെ തൊടുവാനും ഒരു ശക്തിക്കും സാധ്യമല്ല.

എന്നിട്ടും നാം ഈ ഒരു ബലത്തിലാണോ ആശ്രയിക്കുന്നത്? ഈ ഒരു ഉറപ്പ് നമ്മുടെ ജീവിതയാഥാർഥ്യങ്ങളുടെ മദ്ധ്യത്തിൽ അനുഭവിക്കാൻ സാധിക്കുന്നുണ്ടോ? നമ്മെത്തന്നെ ഒന്നു ശോധന ചെയ്തു നോക്കാം. അതുപോലെ കർത്താവാണ് നമ്മുടെ സമ്പത്ത്. അതിനേക്കാൾ ഉപരി ഒന്നും നമുക്ക് ജീവിതത്തിൽ നേടാനില്ല. ഭൂമിയിലും സ്വർഗ്ഗത്തിലും കർത്താവ് മാത്രമാണ് എന്റെ സമ്പത്ത്. പിന്നെ എന്തിനാണ് നാം സമാധാനമില്ലാതെ അലയുന്നത്. ഇത്ര വലിയ ഒരു വാഗ്ദത്തം നമുക്ക് ലഭിച്ചിട്ടും അത് ഏറ്റെടുക്കാൻ കഴിയാതെ നിരാശയിൽ വീണുപോകല്ലേ ദൈവപൈതലേ....

സർവ്വശക്തനായ ദൈവമാകുന്ന പരിചയിൽ ആശ്രയിച്ച് അവനാകുന്ന സമ്പത്തിനെ കൈവിടാതെ ഈ ലോകവാസം പൂർത്തിയാക്കാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. എല്ലാ ഭയത്തെയും വെടിയാം. അബ്രഹാം ഈ വാഗ്ദത്തം വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു. നമുക്കും ഇത് വിശ്വാസത്തിൽ ഏറ്റെടുത്ത് ജീവിക്കാം. അതിനായി പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 28:7

"യഹോവ എന്റെ ബലവും, എന്റെ പരിചയും ആകുന്നു. എന്റെ ഹൃദയം അവങ്കൽ ആശ്രയിച്ചു, എനിക്ക് സഹായവും ലഭിച്ചു. അതുകൊണ്ട് എന്റെ ഹൃദയം ഉല്ലസിക്കുന്നു. പാട്ടോടെ ഞാൻ അവനെ സ്തുതിക്കുന്നു."

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 065